# ശരീരവും അധികാരവും 'ഒതപ്പി'ൽ സാറാ ജോസഫിന്റെ 'ഒതപ്പ്' എന്ന നോവലിനെ മുൻനിർത്തിയുള്ള പഠനം

**രാഖി എം ജി**

ഗവേഷക,
ശ്രീ കേരളവർമ്മ കോളേജ്,
തൃശ്ശൂർ
ഇമെയിൽ : rakhimg90@gmail.com

**സംഗ്രഹം**

സമകാലികചിന്തയിൽ അനേകം മാനങ്ങളുള്ള പദമാണ് ശരീരം. സാമൂഹികശാസ്ത്ര പഠനങ്ങൾ ശരീരം സാമൂഹിക സൃഷ്ടിയാണെന്ന് കണ്ടെത്തി. മലയാളത്തിലെ സ്ത്രീപക്ഷ എഴുത്തുകാരികളിൽ ശ്രദ്ധേയയായ സാറാ ജോസഫിന്റെ 'ഒതപ്പ്' എന്ന നോവൽ, ഫ്രഞ്ച് ദാർശനികനായ മിഷേൽ ഫൂക്കോയുടെ ശരീരവും അധികാരവുമെന്ന സിദ്ധാന്തം മുൻനിർത്തി വിശകലനം ചെയ്യുകയാണിവിടെ.

**താക്കോൽവാക്കുകൾ:** ശരീരം (Body), സ്ത്രീവാദം (Feminism), അധികാരം (Power)

ശരീരം സാമൂഹിക ഉത്പന്നമാണ്. മതം, അധിനിവേശം, അധികാരം, ജാതി, ആചാരങ്ങൾ തുടങ്ങി ഒരു ദേശത്തിന്റെ സാമൂഹിക -സാംസ്കാരിക സവിശേഷതകളാണ് അവിടത്തെ ശരീരബോധം രൂപപ്പെടുത്തുന്നത്. ഭാരതീയർ ശാരീരികാനുഭൂതികൾ ദൈവികവും പവിത്രവുമായി കണ്ടു. ഹൈന്ദവ ക്ഷേത്രങ്ങളിലെ നഗ്നപ്രതിമകൾ ഇതിന് തെളിവാണ്. എന്നാൽ യൂറോപ്പിൽ ഉടലെടുത്ത ക്രിസ്തുമതം ശാരീരികാനന്ദത്തേക്കാൾ ശ്രേഷ്ഠം മാനസികാനന്ദമാണെന്ന് കണ്ടെത്തി. ഉടലോടെ പട്ടുപോകുന്ന ശരീരത്തിന്റെ ആനന്ദത്തിനു വേണ്ടി ജീവിക്കാതെ ശ്രേഷ്ഠമായ ആത്മാവിന്റെ ആനന്ദത്തിനു വേണ്ടി ജീവിക്കാൻ ക്രിസ്തുമതം ആഹ്വാനം ചെയ്തു. ലൈംഗികത പാപമായും സ്ത്രീശരീരം പാപത്തിലേക്കുള്ള പ്രലോഭനമായും അവർ വിലയിരുത്തി. അതിനാൽ സ്ത്രീ ലൈംഗികതയെ നിയന്ത്രിച്ചുകൊണ്ട് അവളെ പുരുഷനിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരണമെന്ന് അവർ പ്രചരിപ്പിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടോടെ കേരളത്തിൽ പാശ്ചാത്യാധിനിവേശം ശക്തമാവുകയുണ്ടായി. ക്രിസ്തുമത ദർശനങ്ങളുടെ ആഴത്തിലുള്ള പ്രചാരത്തിനിത് കാരണമായി. കേരളത്തിൽ സദാചാരസങ്കൽപ്പങ്ങൾ ശക്തമാകുന്നതും സ്ത്രീശരീരത്തിനു മേൽ നിയന്ത്രണങ്ങൾ ശക്തമാകുന്നതും ഇക്കാലത്താണ്. ഇതോടെ പുരുഷനിയന്ത്രണത്തിന് കീഴിൽ കീഴടങ്ങി ജീവിക്കുന്ന സ്ത്രീകളെ സമൂഹം 'കുലീന'യെന്നും പുരുഷനിയന്ത്രണത്തിന് പുറത്തു കടക്കുന്നവളെ 'ചീത്ത


ISSN: 2582 - 2594

സ്ത്രീ'യെന്നും വിശേഷിപ്പിക്കാൻ തുടങ്ങി. പത്തൊൻപതാം നൂറ്റാണ്ടു വരെ മലയാളസാഹിത്യവും ഏറെക്കുറെ ശരീരവർണ്ണനകളിലായിരുന്നു അഭിരമിച്ചത്. കൊളോണിയൽ ആധുനികതയുടെ കടന്നുവരവോടെ ശരീര വർണ്ണനകൾ സാഹിത്യത്തിലും നിയന്ത്രിതമായി.

സ്ത്രീയുടെ അനുഭവങ്ങളും കാമനകളും പുരുഷന്മാരാണ് ആദ്യകാലത്ത് അവതരിപ്പിച്ചിരുന്നത്. ഇരുപതാംനൂറ്റാണ്ടോടെ സ്ത്രീവാദമെന്ന ചിന്താധാര യൂറോപ്പിൽ സജീവമാവുകയും മലയാളത്തിലേക്ക് സംക്രമിക്കുകയും ചെയ്തു. പുരുഷകേന്ദ്രിതസമൂഹത്തിൽ സ്ത്രീയുടെ ചലനങ്ങൾ പോലും പുരുഷ താല്പര്യങ്ങൾക്ക് അനുസരിച്ചായിരുന്നു രൂപപ്പെട്ടിരുന്നത്. സ്ത്രീയെ പുരുഷനെതിരായോ കീഴാളമായോ സമൂഹം നോക്കിക്കണ്ടു. ഈ സാഹചര്യത്തിലാണ് ഫെമിനിസം രൂപം കൊള്ളുന്നത്. ഫെമിനിസത്തിന്റെ ലക്ഷ്യം സ്ത്രീ-പുരുഷസമത്വം ആയിരുന്നു. സ്ത്രീയുടെ അനുഭവങ്ങൾ സ്ത്രീകൾ തന്നെ അവതരിപ്പിക്കുന്ന പ്രവണത സജീവമായത് ഫെമിനിസത്തിന്റെ കടന്നുവരവോടെയാണ്. ആദ്യകാലങ്ങളിൽ സരസ്വതി അമ്മ, സിസ്റ്റർ മേരി ബനീഞ്ഞ, മാധവിക്കുട്ടി തുടങ്ങിയ എഴുത്തുകാരികൾ സ്ത്രീകളുടെ സംഘർഷങ്ങളും കാമനകളും തുറന്നെഴുതിയിട്ടുണ്ടെങ്കിലും മലയാളത്തിൽ ഫെമിനിസത്തിനടിത്തറ പാകിയത് സാറാ ജോസഫിന്റെ രചനകൾ ആയിരുന്നു. സ്ത്രീയുടെ ആത്മസംഘർഷങ്ങളായിരുന്നു അവരുടെ ഒട്ടുമിക്ക രചനകളുടെയും പ്രമേയം. കൂടാതെ സ്ത്രീയുടെ ലൈംഗികത, പ്രസവം മുതലായ ശരീരകേന്ദ്രിതമായ അവസ്ഥകളെ സൂക്ഷ്മമായി അവതരിപ്പിക്കുകയും ചെയ്തു പുരുഷകേന്ദ്രീകൃത സമൂഹത്തിൽ തങ്ങളുടെ നിലനിൽപ്പ് കണ്ടെത്തുന്നവരാണ് സാറാജോസഫിന്റെ സ്ത്രീകഥാപാത്രങ്ങൾ. ഭാഷാ സാഹിത്യത്തിൽ പെണ്ണെഴുത്തിന് പുതിയ മാനങ്ങൾ നൽകിയ സാറാ ജോസഫിന്റെ മാറ്റാത്തി, പാപത്തറ, ഒതപ്പ് തുടങ്ങിയ ഒട്ടുമിക്ക രചനകളും സ്ത്രീ കേന്ദ്രിതമാണ്.

'ഒതപ്പ്' എന്ന നോവലിനെ മുൻനിർത്തിയുള്ള അന്വേഷണമാണ് ഇവിടെ നടത്തുന്നത്. കുടുംബം, മതം മുതലായ ആണധികാരകേന്ദ്രങ്ങളെ പ്രതിരോധിച്ചുകൊണ്ട് ജീവിതവിജയം കണ്ടെത്തുന്ന മർഗ്ഗലീത്തയുടെ കഥയാണ് നോവലിന്റെ പ്രമേയം. ക്രിസ്തുമതത്തിനുള്ളിലെ പൊള്ളത്തരങ്ങളെയും ലിംഗവിവേചനത്തെയും നോവൽ വ്യക്തമാക്കുന്നു. പ്രസ്തുത നോവലിൽ ശരീരം മുന്നോട്ടുവയ്ക്കുന്ന ആശയാവലികൾ കണ്ടെത്തുകയാണ് പ്രബന്ധത്തിന്റെ ലക്ഷ്യം. ശരീരം അധികാരത്തിന്റെയും പ്രതിരോധത്തിന്റെയും ഇടമായി മാറുന്നതെങ്ങനെയെന്ന് പ്രബന്ധത്തിൽ ചർച്ചചെയ്യുന്നു.

## കരുത്തരായ സ്ത്രീകൾ

### 1. മർഗ്ഗലീത്ത

ശാരീരികമായിട്ടല്ലെങ്കിലും മാനസികമായി കരുത്താർജ്ജിച്ചവരാണ് നോവലിലെ സ്ത്രീകഥാപാത്രങ്ങൾ. നോവലിലെ കേന്ദ്ര കഥാപാത്രമാണ് മർഗ്ഗലീത്ത. സഭാവസ്ത്രം ഉപേക്ഷിച്ച ഗാർഹസ്ഥ്യം തിരഞ്ഞെടുത്ത മർഗ്ഗലീത്തയുടെ ജീവിതത്തെ ചുറ്റിപ്പറ്റിയാണ് നോവൽ വികസിക്കുന്നത്. സഹജീവി സ്നേഹത്തേക്കാൾ ശ്രേഷ്ഠം സന്യാസമാണെന്ന് അപ്പനോട് തർക്കിച്ചുകൊണ്ട് മഠത്തിൽ ചേരുന്ന അവൾക്ക് സഭാജീവിതത്തിനിടയിൽ തനിക്ക് കർത്താവിൽ പൂർണമായും മനസ്സർപ്പിക്കാൻ കഴിയുന്നില്ലെന്ന തിരിച്ചറിവ് ഉണ്ടാകുന്നു. അതിനു കാരണം വികാരിയായ കരീക്കനോട് അവൾക്ക് തോന്നുന്ന പ്രണയമാണ്. സഭാവസ്ത്രത്തോട് നീതി

കാട്ടാൻ കഴിയാതെ വരുമ്പോൾ അത് ഉപേക്ഷിച്ച് തിരികെ കുടുംബത്തിൽ അഭയം പ്രാപിക്കുകയാണ് അവൾ.

സഭാവസ്ത്രം ഉപേക്ഷിച്ച മർഗ്ഗലീത്തയെ സമൂഹവും കുടുംബവും തെറ്റുകാരിയായി കാണുന്നു. എന്നാൽ കരീക്കനും അവളോടുള്ള പ്രണയം കാരണം സഭാവസ്ത്രം ഉപേക്ഷിക്കുന്നുണ്ടെങ്കിലും അയാളെ സമൂഹം തെറ്റുകാരനായി കാണുന്നില്ല. കാരണം അയാൾ പുരുഷനാണെന്നതു തന്നെ. മഠത്തിൽ നിന്ന് ഇറങ്ങിയ അവൾക്ക് പുറംലോകം കാത്തുവെച്ചത് കൊടിയ അപമാനവും അവഗണനയുമാണ്. സ്വന്തം കുടുംബംപോലും അവളെ തള്ളിപ്പറയുന്നു. കുടുംബജീവിതവും ദുരന്തപൂർണമായതോടെ ഒരിക്കൽ വേണ്ടെന്നുവച്ച സഹജീവി സേവനത്തിൽ അവൾ എത്തിച്ചേരുന്നു. മതത്തിൽ നിന്നും പുറന്തള്ളപ്പെട്ട അവൾ മാതൃത്വത്തിൽ അഭയം കണ്ടെത്തുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

സ്വന്തം നിലപാടുകളിൽ ഉറച്ചുനിൽക്കാൻ ആർജ്ജവമുള്ള കഥാപാത്രമാണ് മർഗ്ഗലീത്ത. ആദ്യം മഠത്തിൽ ചേരുന്നതും പിന്നീട് അത് ഉപേക്ഷിച്ച് കുടുംബജീവിതം സ്വീകരിക്കുന്നതും അവളുടെ മനോധൈര്യം വെളിപ്പെടുത്തുന്നു. മഠത്തിലെ ജീവിതത്തിനിടയിലും താൻ പ്രസവിച്ചു കിടക്കുന്നതായി അവൾ സ്വപ്നം കാണുന്നുണ്ട്. ഫ്രോയിഡ് മനുഷ്യന്റെ അബോധത്തിൽ ഒളിഞ്ഞുകിടക്കുന്ന സഫലീകരിക്കാത്ത ആഗ്രഹങ്ങളെയാണ് സ്വപ്നമായി വ്യാഖ്യാനിക്കുന്നത് (സത്യൻ പി, പി., 2014). സഭാവസ്ത്രത്തിന് തന്റെയുള്ളിലെ ശാരീരികവും മാനസികവുമായ കാമനകളെ ദമനം ചെയ്യാൻ കഴിയുന്നില്ലെന്ന തിരിച്ചറിവാണ് അവളെ അത് ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്നത്. തന്റെ ശരീരത്തിന്റെ ആഗ്രഹങ്ങളെ തിരിച്ചറിയുന്നതോടെ മർഗ്ഗലീത്തയുടെ വ്യക്തിത്വത്തിൽ മാറ്റങ്ങൾ കൈവരുന്നു. ഈശ്വരസേവനത്തിലൂടെ കണ്ടെത്താനാവാത്ത പരമാനന്ദം ശരീരത്തിലൂടെയാണ് അവൾ കണ്ടെത്തുന്നത്. ഇത് അവളിലെ നിഷേധിയെ ഉണർത്തി. ഒരിക്കൽ തന്നെ അന്ധമായി ഭ്രമിപ്പിച്ച മതദർശനങ്ങളെ അവൾ തള്ളിപ്പറയുന്നത് അതുകൊണ്ടാണ്. അമ്മയാകുന്നതുവരെ വൈരൂപ്യമുള്ള എന്തിനെയും അറപ്പോടെയാണ് അവൾ സമീപിച്ചിരുന്നത്. എന്നാൽ ഫാദർ അഗസ്റ്റിന്റെ വീട്ടിലെ കുഞ്ഞിനെ പരിചരിക്കുന്നതിലൂടെ അവളിലെ മാതൃത്വമുണരുകയും ഏതു വൈരൂപ്യത്തെയും സൗന്ദര്യമായി കാണുന്ന തലത്തിലേക്ക് വികസിക്കുകയും ചെയ്യുന്നു. ശരീരത്തെയും അതിന്റെ ജൈവികതയെയും തിരിച്ചറിയുന്നിടത്താണ് മർഗ്ഗലീത്ത സ്വത്വം കണ്ടെത്തുന്നതും ജീവിതവിജയം ആർജിക്കുന്നതും.

എന്തിനെയും പ്രതിരോധിക്കാൻ തക്ക മനശക്തി പ്രകടിപ്പിച്ചിരുന്ന കഥാപാത്രമാണ് മർഗ്ഗലീത്ത. സമൂഹത്തിന്റെ എതിർപ്പുകൾ പ്രതിരോധിക്കാനുള്ള കെൽപ്പ് പുരുഷകേന്ദ്രീകൃത സമൂഹത്തിൽ കരീക്കനുപോലും കൈവരിക്കാനാകാതെ വരുന്നിടത്താണ് പുരുഷന്റെ മനോദാർഢ്യം അവൾ കൈവരിക്കുന്നത്. പുരുഷത്വം സ്ത്രീത്വം എന്നിങ്ങനെ തിരിച്ചറിയപ്പെടുന്ന സ്വഭാവസവിശേഷതകൾ സാംസ്കാരിക സാഹചര്യങ്ങൾക്കനുസരിച്ച് രൂപപ്പെടുന്നതാണെന്നും ശാരീരിക പ്രത്യേകതകളുമായി അതിനു ബന്ധമില്ലെന്നുമുള്ള ഫെമിനിസ്റ്റ് നിരീക്ഷണം ഇവിടെ പ്രസക്തമാകുന്നു. കുട്ടിക്കാലം മുതൽ തന്നെ ആൺകുട്ടിയും പെൺകുട്ടിയും അവരുടെ ലിംഗസവിശേഷതകൾക്ക് അനുയോജ്യമെന്ന് കരുതുന്ന പെരുമാറ്റം, കളി, വസ്ത്രധാരണം മുതലായവ പരിശീലിക്കുന്നു. നിരന്തരമായ പരിശീലനത്തിലൂടെയാണ് ചില ഗുണങ്ങൾ ഒരു പ്രത്യേക ലിംഗത്തിന്റെ സ്വഭാവമായി മാറുന്നത്. ധൈര്യം, ആത്മവിശ്വാസം എന്നിവ പുരു

 ISSN: 2582 - 2594

ഷഗുണങ്ങളാണെന്നും അലിവും നാണവും സ്ത്രീഗുണങ്ങളാണെന്നുമുള്ള വിശ്വാസം രൂപപ്പെട്ടത് ഇപ്രകാരമാണ്. മർഗ്ഗലീത്ത ചെറുപ്പം മുതലേ സ്വന്തം ഇഷ്ടങ്ങളിൽ ഉറച്ചു നിൽക്കുന്ന പ്രകൃതക്കാരിയായിരുന്നു. അപ്പനോട് സന്യാസത്തിന് പോകുന്ന കാര്യം പറഞ്ഞു തർക്കിക്കുന്നിടത്ത് അവളുടെ നിശ്ചയദാർഢ്യം വ്യക്തമാണ്. തന്റെ കുടുംബത്തിനുള്ളിലെ എതിർപ്പുകളെ കായികമായിട്ടല്ലെങ്കിലും മനശക്തികൊണ്ട് അവൾ നേരിടുന്നു. ഇഷ്ടപ്പെട്ട പുരുഷനോട് പ്രണയം തുറന്നു പറയാനും അത് സാക്ഷാത്ക്കരിക്കാനും അവൾ മുൻകൈയെടുക്കുന്നു. അതോടെ അവൾ സമൂഹത്തിന് മുന്നിൽ തെറ്റുകാരിയായി മാറുകയാണ്. മർഗ്ഗലീത്തയിലെ ധൈര്യത്തിന്റെയും നിഷേധത്തിന്റെയും മറ്റൊരു രൂപം പ്രകടമാകുന്നത് പുരുഷന്മാർ മാത്രം ചെയ്തുകൊണ്ടിരുന്ന കുർബാനയിലും ദിവ്യബലിയിലും സിസ്റ്റർ ജർമ്മിയയ്ക്കൊപ്പം പങ്കെടുക്കുമ്പോഴാണ്. കരീക്കൻ പോലും പകച്ചുപോകുന്ന സന്ദർഭങ്ങളിലും അവൾ നിശ്ചയദാർഢ്യം പ്രകടിപ്പിക്കുന്നു. നിലവിലിരിക്കുന്ന അധികാര കേന്ദ്രങ്ങളെ പ്രതിരോധിക്കാൻ അവൾക്ക് കഴിയുന്നു. തന്റെ കാമനകളെ സാക്ഷാത്കരിക്കുന്നതിൽ മാത്രമല്ല ജൈവികമായ ചോദനകളെ തിരിച്ചറിയുന്നിടത്താണ് മർഗ്ഗലീത്ത സ്വതന്ത്രയാകുന്നത്. ഇഷ്ടക്കേടുകളോട് നിരന്തരം കലഹിക്കുന്ന കഥാപാത്രമായി മർഗ്ഗലീത്ത നിലകൊള്ളുന്നു.

**2. റബേക്ക**

മർഗ്ഗലീത്തയെപ്പോലെ അസാമാന്യമായ മനക്കരുത്തുള്ള കഥാപാത്രമാണ് റബേക്കയും. കടുത്ത ദാരിദ്ര്യവും ജീവിതാനുഭവങ്ങളുമാണ് അവളെ അതിനു പ്രാപ്തയാക്കുന്നത്. രണ്ടാനമ്മയിൽ നിന്ന് നേരിട്ട പീഡനങ്ങളും വിവാഹശേഷം നേരിട്ട യാതനകളും അവളെ കരുത്തയാക്കി മാറ്റി. പ്രതിസന്ധികളിൽ പതറാതെ നിൽക്കാൻ മർഗ്ഗലീത്തയ്ക്ക് കരുത്താവുന്നതും റബേക്ക തന്നെ. കൊടിയ ദരിദ്ര്യത്തിൽ നിന്നും കഠിനമായ പീഡനങ്ങളിൽ നിന്നും രക്ഷനേടാൻ തന്നെക്കാൾ പ്രായക്കൂടുതലുള്ള തോമസ് വൈദ്യരെ അവൾ വിവാഹം കഴിക്കുന്നു. പക്ഷെ സുന്ദരിയും ചെറുപ്പക്കാരിയുമായ അവളെ അയാൾ സംശയിക്കുന്നു. ഒപ്പം നിരന്തരമായ ശാരീരികപീഡനത്തിന് ഇരയാകുന്നു. ഒരുവേള അയാളെ വീട്ടിൽ പൂട്ടിയിട്ട് രക്ഷപ്പെടാൻ വരെ അവൾ തയ്യാറാകുന്നുണ്ട്.

ഭർത്താവുമായി പിരിഞ്ഞശേഷം സ്വന്തമായി തൊഴിലെടുത്ത് ജീവിക്കാൻ തയ്യാറാകുന്ന റബേക്കയെ ചീത്ത സ്ത്രീ എന്നു വിളിച്ച് സമൂഹം പരിഹസിക്കുന്നു. കുടുംബത്തിന്റെ ഘടനയ്ക്കുള്ളിൽ നിന്നും പുറത്ത് കടക്കുന്ന പുരുഷാധിപത്യത്തെ മാനിക്കാത്ത സ്ത്രീകളെ സമൂഹമെപ്പോഴും ചീത്തസ്ത്രീയെന്ന് മുദ്രകുത്താറുണ്ട്. പുരോഹിതന്മാർ മാത്രം ചെയ്യുന്ന പ്രാർത്ഥന ചൊല്ലലിലും അത്ഭുതപ്രവൃത്തികളിലും അവൾ നാട്ടിൽ പേരെടുക്കുന്നു. ചാണ്ടി ഡോക്ടറുടെ കള്ളത്തരങ്ങൾ പുറത്തുകൊണ്ടുവരുന്ന അവളെ തടവിലാക്കിയാണ് പുരുഷാധിപത്യ സമൂഹം കീഴടക്കാൻ ശ്രമിക്കുന്നത്. മർഗ്ഗലീത്തയെ പോലെ പുരുഷാധികാരത്തിന് കീഴടങ്ങാൻ തയ്യാറാകാത്ത കഥാപാത്രമാണ് റബേക്കയും.

**3. സിസ്റ്റർ ജർമ്മിയ**

നോവലിൽ വളരെ കുറച്ചു മാത്രമേ സിസ്റ്റർ ജർമ്മിയയെക്കുറിച്ചുള്ള പരാമർശമുള്ളൂ. സഭയ്ക്കുളിലെ പുരുഷാധിപത്യ വ്യവസ്ഥകളോട് കലഹിക്കുന്ന കഥാപാത്രമായി അവർ കടന്നുവരുന്നു.

പുരോഹിതന്മാർ മാത്രം ചെയ്യുന്ന മതചടങ്ങുകൾ സ്വയം ചെയ്തുകൊണ്ടാണ് അവർ പുരുഷാധിപത്യത്തെ വെല്ലുവിളിക്കുന്നത്. അതിനവർ പിടിക്കപ്പെടുകയും ചെയ്യുന്നു. പക്ഷേ സിസ്റ്റർ ജർമ്മിയയ്ക്ക് പിന്നീട് എന്ത് സംഭവിച്ചുവെന്നതിനെക്കുറിച്ച് നോവലിൽ പരാമർശിക്കുന്നില്ല. സ്വാഭാവികമായും സഭയുടെ ശിക്ഷാവിധികൾക്ക് അവർ ഇരയായിട്ടുണ്ടാകാമെന്നതിൽ തർക്കമില്ല.

**4. ആബേലമ്മ**

മേൽ സൂചിപ്പിച്ച മൂന്ന് കഥാപാത്രങ്ങളും അധികാരത്തോട് കലഹിക്കുമ്പോൾ ആബേലമ്മ വിധേയപ്പെടുകയാണ് ചെയ്യുന്നത്. മതത്തിനുള്ളിലെ ശരിതെറ്റുകളെക്കുറിച്ച് ധാരണയുണ്ടെങ്കിലും അതിനെതിരെ പ്രതികരിക്കാൻ അവർ തയ്യാറാകുന്നില്ല. കടുത്ത ദാരിദ്ര്യമാണ് അവരെ സന്യാസത്തിന് പ്രേരിപ്പിക്കുന്നത്. അതോടെ അവരുടെ കുടുംബം സാമ്പത്തികമായി ഉയർന്നു. മതത്തിന്റെ കെട്ടുപാടുകളെ പൊട്ടിച്ച് പുറത്തു പോയാൽ കടുത്ത വില നൽകേണ്ടി വരുമെന്ന തിരിച്ചറിവ് അവർക്കുണ്ടായിരുന്നു. അതിനാലാണ് അവർ പലതിനെതിരെയും നിശബ്ദത പാലിക്കുന്നത്. "ഒരു വ്യവസ്ഥിതിക്ക് കീഴ്പ്പെട്ട് കഴിഞ്ഞാൽ അതിനോട് ചേർന്ന് പോവുകയാണ് നല്ലത്. ധിക്കരിച്ച് പുറത്ത് കടന്നാൽ ശരീരത്തിലും ആത്മാവിലും വലിയ വില കൊടുക്കേണ്ടി വരുമെന്ന്" (സാറാ ജോസഫ്. 2010). മർഗ്ഗലീത്തയ്ക്ക് മുന്നറിയിപ്പ് നൽകുന്നത് അധികാരവ്യവസ്ഥയെ ചോദ്യം ചെയ്യുന്നതെത്ര ഭീകരമാണെന്ന തിരിച്ചറിവുള്ളത് കൊണ്ടാണ്. കുടുംബത്തിനുവേണ്ടി സന്യാസജീവിതം സ്വീകരിക്കുന്നുണ്ടെങ്കിലും പിന്നീട് ആ തീരുമാനത്തിൽ അവർ പശ്ചാത്തപിക്കുന്നുണ്ട്. അതുകൊണ്ടാണ് റിനിയെ മഠത്തിൽ ചേർക്കണമെന്ന് സിൽവിയുടെ തീരുമാനത്തെ അവർ എതിർക്കുന്നത്.

**നിസ്സഹായരായ സ്ത്രീകൾ**

മഠത്തിലെ മറ്റു കന്യാസ്ത്രീകളും തങ്ങളുടെ ശരീരത്തിന്റെ ദാഹങ്ങൾ അടക്കിപ്പിടിച്ച് ജീവിക്കാൻ വിധിക്കപ്പെട്ടവരാണ്. ഫാദർ കരീക്കന്റെ മഠത്തിലേക്കുള്ള വരവ് അവർക്ക് എത്രമാത്രം ആശ്വാസകരമായിരുന്നുവെന്ന് നോവലിൽ പരാമർശമുണ്ട്. സിഗരറ്റിന്റെയും സെന്റിന്റെയും കൂടിക്കുഴഞ്ഞ ആൺമണം മഠത്തിലെ പലർക്കും ആശ്വാസമായിരുന്നുവെന്ന റബേക്കയുടെ വാക്കുകൾ സന്യാസജീവിതത്തിന്റെ പൊള്ളത്തരങ്ങളിലേക്ക് വിരൽചൂണ്ടുന്നു. ലൈംഗികതൃഷ്ണയെ ദൈവത്തിലേക്ക് തിരിച്ചുവിടുന്നത് പല മതങ്ങളിലെയും സന്യാസിനിമാരിൽ ദൃശ്യമാണെന്ന് ഡോ. എസ്. ശാരദക്കുട്ടി അഭിപ്രായപ്പെടുന്നു. "സദാചാരപരമായ വിലക്കുകൾ അതിജീവിച്ചുകൊണ്ട് അവർ തങ്ങൾക്ക് ഇഷ്ടമുള്ള സങ്കല്പപുരുഷനുമായി പ്രണയത്തിൽ ഏർപ്പെടുകയാണ്. കൃഷ്ണനെ ഭർത്താവായി സങ്കൽപ്പിച്ച ആണ്ടാൾ എന്ന യോഗിനിയും ഭക്തമീരയും സൗന്ദര്യാത്മകമായി അനുഭവിച്ചത് ലൈംഗികാനന്ദം തന്നെയാണെന്ന്" (ശാരദക്കുട്ടി, എസ്. 2010) ശാരദക്കുട്ടി ടീച്ചറുടെ വാക്കുകൾ നോവലിനെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ്. സന്യാസത്തിലൂടെ ശാരീരികമായ തന്റെ ലൈംഗികചോദനകൾ നിയന്ത്രിക്കാൻ മർഗലീത്തയ്ക്ക് കഴിയുന്നില്ല. ഈ ഘട്ടത്തിലാണ് ദാമ്പത്യത്തിലൂടെ അവൾ തന്റെ കാമനകൾ സാക്ഷാത്കരിക്കുന്നത്. എന്നാൽ ഭക്തിയിലൂടെയോ ദാമ്പത്യത്തിലൂടെയോ തങ്ങളുടെ ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാൻ കഴിയാതെ ഉഴലുന്ന മറ്റ് കന്യാസ്ത്രീകൾ പുരുഷാധികാരത്തിന് വിധേയരായി ജീവിക്കുകയാണ് ചെയ്യുന്നത്.

 ISSN: 2582 - 2594

മർഗ്ഗലീത്തയുടെ അമ്മ, സഹോദര ഭാര്യമാർ, യോഹന്നാൻ കശീശയുടെ ഭാര്യ സാറാ കൊച്ചമ്മ മുതലായവർ കുടുംബിനികളാണ്. അധികാരത്തിന് കീഴടങ്ങി ജീവിക്കുന്നവരുമാണവർ. സ്ത്രീ, പുരുഷന് കീഴടങ്ങേണ്ടവരാണെന്ന ധാരണ അവർക്കുണ്ട്. അതുകൊണ്ടാണ് മതത്തിനെ എതിർത്ത് പുറത്തുവന്ന മർഗ്ഗലീത്തയ്ക്ക് വീട്ടിനുള്ളിൽ സ്വാതന്ത്ര്യം നിഷേധിക്കുന്നത്. അവളെ പുരുഷാധികാരത്തിന്റെ വരുതിയിൽ കൊണ്ടുവരാനാണ് അമ്മ അഡ്വക്കേറ്റ് ചിറമ്മലുമായി അവളുടെ വിവാഹം നിശ്ചയിക്കുന്നത്. അവൾ മതത്തെ ഹനിക്കുന്നത് അവർ ഭയത്തോടെ നോക്കിക്കാണുന്നു. മതനിഷേധിയായ മർഗ്ഗലീത്തയെ കുടുംബത്തിന് അപമാനം വരുത്തിവച്ചവളെന്ന് അവർ വിശേഷിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ പുരുഷാധിപത്യ സമൂഹം രൂപപ്പെടുത്തിയ ശരീരകേന്ദ്രിതമായ സദാചാരസങ്കൽപ്പങ്ങൾക്ക് വിധേയരായി ജീവിക്കുന്നവരാണ് നോവലിലെ ഒട്ടുമിക്ക സ്ത്രീ കഥാപാത്രങ്ങളും.

### നോട്ടവും സദാചാരവും

സ്ത്രീശരീരത്തിന്മേൽ ആണധികാരവ്യവസ്ഥ അടിച്ചേൽപ്പിച്ചതാണ് സദാചാര ചിന്തകൾ. സ്ത്രീകൾ പൊതുവിടങ്ങളിൽ സ്വതന്ത്രരായി വിഹരിക്കുന്നതും ഒറ്റയ്ക്ക് കഴിയുന്നതും സംശയത്തോടെയാണ് സമൂഹം നോക്കിക്കാണുന്നത്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള ലിംഗപരമായ വിഭജനത്തെ ആദ്യ വർഗ്ഗവിഭജനമായി എങ്കൽസ് നോക്കിക്കാണുന്നു. ഉൽപ്പാദനോപാധികൾ വികസിച്ചതോടെ പുരുഷന്മാർ സ്വകാര്യസ്വത്തിനുടമകളായി മാറി. കുടുംബം സ്വകാര്യസ്വത്തിന്റെ സാമ്പത്തിക യൂണിറ്റായി. അതോടെ ലിംഗപരമായ അസമത്വം വർദ്ധിച്ചു. കുടുംബവ്യവസ്ഥയ്ക്കൊപ്പം പുരുഷാധിപത്യവും വികസിച്ചു. സമൂഹത്തിൽ സ്ത്രീ-പുരുഷ അസമത്വം ആരംഭിച്ചത് ഇപ്രകാരമാണെന്നാണ് പണ്ഡിതാഭിപ്രായം (സത്യൻ പി, പി. 2014).

അവിവാഹിതയും മതത്തിന്റെ അധികാരകേന്ദ്രങ്ങളെ വെല്ലുവിളിക്കുകയും ചെയ്തവളാണ് മർഗ്ഗലീത്ത. അതായത് ആണധികാരത്തിന് പുറത്തുവന്നവൾ. അതുകൊണ്ടാണ് അവളുടെ ചലനങ്ങൾ സമൂഹം ജാഗ്രതയോടെ നിരീക്ഷിക്കുന്നത്. യോഹന്നാൻ കശീശയുടെ വീട്ടിൽ കഴിയുന്ന മർഗ്ഗലീത്തയെ സമൂഹം ചുഴ്ന്നുനോക്കുന്നതും അവളെപ്പറ്റി അപവാദങ്ങൾ പറഞ്ഞു പരത്തുന്നതും അതുകൊണ്ടാണ്. വീട്ടിൽ നിന്ന് ഇറങ്ങി ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടിവരുന്ന മർഗലീത്തയ്ക്ക് 'എങ്ങട് പാനാ' (ഭാസ്കരനുണ്ണി, പി. 2012) എന്ന ചോദ്യം നേരിടേണ്ടിവരുന്നത് അവൾ പുരുഷസംരക്ഷണം ഇല്ലാത്ത അവിവാഹിതയായ സ്ത്രീ ആയതുകൊണ്ടാണ്

### വസ്ത്രത്തിനുള്ളിലെ അന്തഃസംഘർഷങ്ങൾ

'വസ്ത്രം' എന്ന പദത്തിന് "പൂജാദികർമ്മങ്ങൾക്ക് നമ്പൂതിരിമാർ എടുത്തുവന്ന ഉപയോഗിക്കുന്ന നീളവും വീതിയുമുള്ള തുണി" എന്നാണ് പി. ഭാസ്കരനുണ്ണി നൽകുന്ന നിർവചനം. പത്തൊമ്പതാം ശതകം വരെ കേരളത്തിൽ വസ്ത്രം ജാതി സൂചകമായിരുന്നു. ശരീരം മുഴുവൻ വസ്ത്രത്താൽ മറച്ചു പിടിച്ചിക്കുന്ന രീതി പത്തൊമ്പതാംശതകം വരെ കേരളത്തിൽ ഉണ്ടായിരുന്നില്ല. അക്കാലത്ത് നഗ്നത അപമാനമായി കണ്ടിരുന്നില്ല. പല രാജ്യങ്ങളിലും നഗ്നത പണ്ട് ആഢ്യത്വത്തിന്റെ ചിഹ്നമായിരുന്നുവെന്ന് എം കമറുദ്ദീൻ നിരീക്ഷിക്കുന്നു. ഇരുപതാം നൂറ്റാണ്ടോടെ നഗ്നത തെറ്റായി വ്യാഖ്യാനിക്കാൻ തുടങ്ങി. അതോടെ വസ്ത്രം കൊണ്ട് ശരീരം മുഴുവൻ മറയ്ക്കുന്ന പ്രവണത ആരംഭിച്ചു. ലൈംഗികത സംബന്ധിച്ച സദാചാര സങ്കല്പങ്ങൾ വേരൂന്നിയ

പ്പോൾ വസ്ത്രം ലൈംഗികാകർഷണം തടയാനുള്ള മാധ്യമമായി മാറി. വസ്ത്രം ഉരിഞ്ഞെറിയുന്നത് സ്വാതന്ത്ര്യത്തിന്റെ പ്രകടനമായി വിലയിരുത്താറുണ്ട്. വിശുദ്ധവസ്ത്രം ഉരിഞ്ഞെറിയുമ്പോൾ മർഗ്ഗലീത്ത പ്രകടിപ്പിക്കുന്നതും പുരുഷാധികാരത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.

പത്തൊമ്പതാം നൂറ്റാണ്ട് വരെ വസ്ത്രം ജാതീയമായ ഉയർച്ചതാഴ്ചയെ സൂചിപ്പിച്ചിരുന്നു. വസ്ത്രത്തിന് ജാതിയെ മാത്രമല്ല പദവിയെയും ധ്വനിപ്പിക്കാൻ കഴിഞ്ഞു. പുരോഹിതന്മാർക്ക് നിറം കുറഞ്ഞതും അധികം ആകർഷണമില്ലാത്തതുമായ വസ്ത്രങ്ങളാണ് അനുവദിച്ചിട്ടുള്ളത്. അധികവും വെള്ള വസ്ത്രങ്ങളാണ് പുരോഹിതന്മാർ ഉപയോഗിക്കാറുള്ളത്. വെള്ളവസ്ത്രം വിശുദ്ധിയുടെയും നന്മയുടെയും പ്രതീകമായി കരുതുന്നു. നോവലിൽ മർഗ്ഗലീത്തയുടെ വസ്ത്രങ്ങൾ അമ്മ ഭയഭക്തി ബഹുമാനത്തോടെ നോക്കുന്നത് അവ വിശുദ്ധിയുടെ പ്രതീകമായി കരുതുന്നതുകൊണ്ടാണ്. വസ്ത്രം വ്യക്തിത്വത്തെ നവീകരിക്കുമെന്ന ധാരണയാണ് ഇത്തരം വസ്ത്രവിഭജനങ്ങൾക്ക് പിന്നിൽ. ഏത് വസ്ത്രവും നിരന്തരമായി ധരിക്കുമ്പോൾ അത് ആത്മാവുമായി താദാത്മ്യം പ്രാപിക്കുകയും വ്യക്തിത്വ രൂപീകരണത്തിന് സഹായിക്കുകയും ചെയ്യുമെന്നാണ് പണ്ഡിത മതം.

അധികം ശാരീരിക ചലനങ്ങൾ അനുവദിക്കാത്തതും ശാരീരികാകർഷണം സൃഷ്ടിക്കാത്തതുമാണ് സന്യാസവസ്ത്രങ്ങൾ. എന്നിട്ടും കരീക്കന് മർഗലീത്തയുടെ ഓർമ്മകളിൽ ആദ്യം തെളിഞ്ഞു വരുന്നത് വിശുദ്ധവസ്ത്രത്തിനുള്ളിലെ അവളുടെ ശരീരമാണ്. മറച്ചുവെച്ച ശരീരം എതിർലിംഗത്തിന്റെ ലൈംഗികാസക്തി വർദ്ധിപ്പിക്കുമെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ശരീരത്തിലെ വൈദിക വസ്ത്രത്തിനും ഇതര വൈദികമുദ്രകൾക്കും തന്റെ വികാരങ്ങൾക്ക് കടിഞ്ഞാണിടാൻ കഴിയുന്നില്ലെന്ന് കരീക്കൻ തിരിച്ചറിയുന്നുണ്ട്. ഇതേ തിരിച്ചറിവ് മർഗ്ഗലീത്തയ്ക്കുമുണ്ടാകുന്നു. മാനസികനവീകരണം വസ്ത്രത്തിലൂടെയും ശരീര നിയന്ത്രണത്തിലൂടെയും ലക്ഷ്യം വയ്ക്കുന്ന മതദർശനങ്ങളെയും അതിന്റെ പരിമിതികളെയും നോവൽ ചൂണ്ടിക്കാട്ടുന്നു.

## ശരീരവും മനസ്സും

ആധുനിക ചിന്തയിൽ ശരീരത്തിനും മനസ്സിനും തുല്യ പ്രാധാന്യമുണ്ട്. ശാരീരികമായ ഉണർവ് മാനസികാനന്ദത്തിലേക്ക് നയിക്കുമെന്ന ദർശനമാണ് നോവൽ മുന്നോട്ട് വയ്ക്കുന്നത്. കരീക്കനുമായി പ്രണയത്തിലാകുന്ന മർഗ്ഗലീത്ത അയാളുമായി ശാരീരികബന്ധം സ്ഥാപിക്കുന്നു. കരീക്കനുമൊത്തുള്ള ശാരീരികവേഴ്ച അവൾക്ക് മാനസികാനന്ദം നൽകുന്നു. സന്യാസത്തിലൂടെ അന്വേഷിക്കുന്ന ആനന്ദം അവൾ കണ്ടെത്തുന്നത് ശരീരത്തിലൂടെയാണ്. ആനന്ദമാണ് ദൈവമെന്ന് അവൾ തിരിച്ചറിയുന്നു. ലോകത്തിലെ എല്ലാവർക്കും പ്രണയത്തിന്റെ ആനന്ദം നിലനിർത്താൻ കഴിഞ്ഞാൽ സമാധാനം ഉണ്ടാകുമെന്നും ഭൂമി ഹരിതാഭമാകുമെന്നും അവർ തിരിച്ചറിയുന്നു. ശരീരവും ആത്മാവും തമ്മിലുള്ള അകലങ്ങൾ ഇല്ലാതാകുമ്പോഴാണ് യഥാർത്ഥ ആനന്ദം ലഭിക്കുമെന്ന തിരിച്ചറിവിലാണ് അവളെ പ്രണയം എത്തിക്കുന്നത്.

## ശരീരവും അധികാരവും നോവലിൽ

മതം, കുടുംബം, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി വിവിധ കേന്ദ്രങ്ങളിലാണ് സമൂഹത്തിൽ അധികാരം നിക്ഷിപ്തമായിരിക്കുന്നത്. നോവലിൽ മതവും കുടുംബവും അധികാരകേന്ദ്രങ്ങളായി വർത്തിക്കുന്നു. അധികാരം മേൽപ്പറഞ്ഞ സാമൂഹികസ്ഥാപനങ്ങളിലൂടെ


ISSN: 2582 - 2594

വ്യക്തിശരീരത്തിൽ നിയന്ത്രണങ്ങൾ നടപ്പാക്കുകയും സാമൂഹികശരീരസങ്കല്പത്തിനുള്ളിലേക്ക് വ്യക്തിയെ നയിക്കുകയും ചെയ്യുന്നു. ഫ്രഞ്ച് ദാർശനികനായ മിഷേൽ ഫൂക്കോയുടെ 'ഡിസിപ്ലിൻ ആൻഡ് പണിഷ്' എന്ന കൃതിയിൽ ശരീരവും അധികാരവും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, അധികാരം വിവിധ ബന്ധങ്ങളുടെ രൂപത്തിലാണ് നിലനിൽക്കുന്നത്. ഇവിടെ മതവും കുടുംബവും അധികാരസ്ഥാപനങ്ങളായി വർത്തിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'തടവറ' ശരീരത്തെ വരുതിയിൽ കൊണ്ടുവരാനുള്ള അധികാരകേന്ദ്രത്തിന്റെ തന്ത്രത്തെയാണ് സൂചിപ്പിക്കുന്നത്. ഭൗതികശരീരത്തിൽ നിന്നും വേറിട്ടു നിൽക്കുന്ന വ്യക്ത്യനുഭവത്തിലെ മറ്റൊരു സ്ഥലത്തെ സമൂഹത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരിക എന്നതാണ് ലക്ഷ്യം. ഫൂക്കോ ആ സ്ഥലത്തെ 'ആത്മാവ് 'എന്ന് വിളിക്കുന്നു (രവീന്ദ്രൻ പി. പി. 2017).

നോവലിൽ മർഗലീത്തയെ സഹോദരങ്ങൾ ഇരുട്ട്മുറിയിൽ അടയ്ക്കുന്നതും റബേക്കയെ ജയിലിലടയ്ക്കുന്നതും അവരെ വരുതിയിൽ കൊണ്ടുവരാനുള്ള പുരുഷകേന്ദ്രീകൃത സമൂഹത്തിന്റെ തന്ത്രങ്ങളാണ്. നിരന്തരമായ ശിക്ഷണങ്ങളിലൂടെ സമൂഹസങ്കൽപ്പത്തിന് അനുഗുണമായി അവരെ മെരുക്കിയെടുക്കാനുള്ള ശ്രമങ്ങളാണിവയെല്ലാം. ആണധികാരത്തിന്റെ തന്ത്രങ്ങളെ പ്രതിരോധിക്കുന്നിടത്താണ് മർഗ്ഗലീത്ത ഉൾപ്പെടെയുള്ള സ്ത്രീകഥാപാത്രങ്ങൾ സ്വത്വം കണ്ടെത്തുന്നത്. ഇവിടെ അധികാരം പ്രയോഗിക്കുന്നത് ശരീരത്തിലാണ്. അധികാരത്തെ പ്രതിരോധിക്കുന്നതാകട്ടെ ശരീരം കൊണ്ടും.

## നിഗമനങ്ങൾ

സമൂഹത്തിനുള്ളിലെ പുരുഷാധികാരത്തിന്റെ സൂചനകൾ നോവലിലുണ്ട്. സമൂഹത്തിൽ പല കേന്ദ്രങ്ങളിലാണ് പുരുഷാധികാരം നിലനിൽക്കുന്നത്. സമൂഹത്തിന്റെ അധികാരപരിധിയിൽ നിന്നും പുറത്ത് കടക്കുന്ന വ്യക്തിശരീരം സാമൂഹികശരീരമാക്കി മാറ്റാനുള്ള ശ്രമമാണ് നോവലിൽ ദൃശ്യമാകുന്നത്. ശരീരത്തെയും അതിന്റെ ജൈവികതയെയും കണ്ടെത്തുന്നതിലൂടെയാണ് പരമമായ ആനന്ദം പ്രാപ്തമാവുകയെന്ന സന്ദേശമാണ് നോവൽ മുന്നോട്ട് വയ്ക്കുന്നത്.

## സഹായകഗ്രന്ഥങ്ങൾ


1. നാരായണൻ, അജു, കെ., (2017), . താക്കോൽ വാക്കുകൾ- വിചാര മാതൃകകൾ കേരളീയ നേട്ടങ്ങൾ, യു.സി കോളേജ് ആലുവ: വിദ്വാൻ പി ജി നായർ റിസർച്ച് സെന്റർ.
2. എം., കമറുദ്ദീൻ (2017), വസ്ത്രവും നഗ്നതയും, തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻസ്.
3. ദേവിക, ജെ., (2018), അകമേ പൊട്ടിയ കെട്ടുകൾക്കപ്പുറം ഇന്ത്യൻ ഫെമിനിസത്തിന്റെ വർത്തമാനങ്ങൾ, കോട്ടയം: എസ് പി സി എസ്.
4. ഭാസ്കരനുണ്ണി, (2012), പി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം. തൃശ്ശൂർ: കേരള സാഹിത്യ അക്കാഡമി.
5. പി.പി., രവീന്ദ്രൻ (2018), ആധുനികാനന്തരം വിചാരം വായന, കോട്ടയം: എസ് പി സി എസ്.
6. പി.പി., സത്യൻ, (2014), ലൈംഗികതയുടെചരിത്രം. തിരുവനന്തപുരം:ചിന്ത പബ്ലിക്കേഷൻസ്.
7. ജോസഫ്, സാറാ, (2010), ഒതപ്പ്. കോട്ടയം: കറന്റ് ബുക്സ്.